സെന്റ് മേരീസ് എം എം ജി എച്ച് എസ് അടൂർ

# വർണ്ണവസന്തം



ഡിജിറ്റൽ മാഗസിൻ

**ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്**

little KITEs

# താളുകളിലൂടെ .....


ആമുഖം ......................................................................................................1
ആശംസ ......................................................................................................2
അമ്പിളി അമ്മാവൻ.........................................................................................3
ഒന്നാനാം കൊച്ചു തുമ്പി..................................................................................4
മാർത്താണ്ടൻ.................................................................................................5
പുഷ്പം..........................................................................................................6
കടങ്കഥകൾ...................................................................................................7
പ്രണയം........................................................................................................8
സഖി.............................................................................................................9
ചിലങ്ക..........................................................................................................10
അവൾ..........................................................................................................11
മതിലേരിക്കന്നി...........................................................................................12
വഴിക്കാട്ടി....................................................................................................13
മാമ്പഴം.......................................................................................................15
നായ വീട്ടുമൃഗമായതെങ്ങനെ.........................................................................16
നന്മമരം......................................................................................................18
മോഹം.........................................................................................................19
പ്രേമം..........................................................................................................20
ഗുരു............................................................................................................21
ജാലകം.......................................................................................................22
കവിതയോട്..................................................................................................23
കാത്തിരിക്കാം..............................................................................................24
സൗഹൃദം....................................................................................................25
ചിൻഡ്രില.....................................................................................................26
കവിതയോട്..................................................................................................27
ആത്മാവിൽ ഒരു ചിത.....................................................................................28
കാളകൾ......................................................................................................29
വേദം...........................................................................................................31
കുഞ്ഞാട്......................................................................................................33
പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ..........................................................34
ഒരു കുടന്ന വെളിച്ചമായി..............................................................................35
കുഞ്ഞുണ്ണി കവിത........................................................................................36
മഹത് വചനങ്ങൾ..........................................................................................37
മലയാളം പഴഞ്ചൊല്ലുകൾ...............................................................................38
കോഴിയും ഭൂമിയും........................................................................................39
നന്ദി.............................................................................................................40

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക

എന്നതിനപ്പുറം ഓരോരുത്തരും സ്വയം

നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ്

വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത് .

അപൂർണതയിൽ നിന്നും പൂർണതയിലേക്കുള്ള മനുഷ്യന്റെ

പ്രയാണത്തിൽ....... അജ്ഞതയുടെ അന്ധകാരത്തിൽ

നിന്നും ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് ......

വർണ്ണ വസന്തം എന്ന ഡിജിറ്റൽ മാസിക നിങ്ങളുടെ മുമ്പിൽ

സമർപ്പിക്കുന്നു.

പ്രതീക്ഷകളോടെ

2022–25വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ

2022–25വർഷം തയ്യാറാക്കിയ
" വർണ്ണ വസന്തം " എന്ന ഡിജിറ്റൽ
മാഗസിന്റെ വിജ്ഞാനപ്രദവും കലാപരവും സാഹിത്യ
പരവുമായ കഴിവുകളിൽ ഞാൻ അഭിമാനം കൊള്ളുന്നു .
അവരുടെ കൊച്ചു കൊച്ചു കഴിവുകളെ ഞാൻ അഭിനന്ദിക്കുകയും
ഇനിയും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കുവാൻ ജഗദീശ്വരൻ
അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു .

മിനി ജോർജ്ജ്

ഹെഡ് മിസ്ട്രസ്

ST MARY'S MMGHS ADOOR

# അമ്പിളിഅമ്മാവൻ



ചന്ദ്രനെ നമ്മൾ എന്നും കാണാറുണ്ട്,
രാത്രിയിൽ ദേശം മുഴുവൻ പരന്നുകിടക്കുന്ന
നിലാവ് കാണാൻ എന്തു മനോഹരം
ഓ നോക്കു ചന്ദ്രനേ
അമ്പിളി അമ്മാവൻ തിളങ്ങുന്നു ദൂരേ.
ഓ അമ്മേ അമ്പിളി അമ്മാവനേ നോക്കു.
അമ്മാവൻ ഈ ഭൂമിക്ക് നിലാവ് പൊഴിക്കുന്നു.
ചില ദിവസം അമ്മാവൻ ചെറുതാകും, റാ
പോലെ , പിന്നെ
ഒരു പന്ത് കണക്കേ ഉരുണ്ട് .
എന്തു സുന്ദരം അമ്പിളി നിന്നെ കാണാൻ
രാത്രി ആകുമ്പോൾ ഞാൻ
അമ്പിളി അമ്മാവനേ കാണാൻ
ജനലിൽ നിന്ന് ആകാശത്തേക്ക്
നോക്കും ആഹ എന്തു ഭംഗി
അമ്പിളി അമ്മാവനേ കാണാൻ.നമ്മൾ എന്നും കാണാറുണ്ട്,
രാത്രിയിൽ ദേശം മുഴുവൻ പരന്നുകിടക്കുന്ന
നിലാവ് കാണാൻ എന്തു മനോഹരം
ഓ നോക്കു ചന്ദ്രനേ
അമ്പിളി അമ്മാവൻ തിളങ്ങുന്നു ദൂരേ.
ഓ അമ്മേ അമ്പിളി അമ്മാവനേ നോക്കു.
അമ്മാവൻ ഈ ഭൂമിക്ക് നിലാവ് പൊഴിക്കുന്നു.
ചില ദിവസം അമ്മാവൻ ചെറുതാകും, റാ
പോലെ , പിന്നെ
ഒരു പന്ത് കണക്കേ ഉരുണ്ട് .
എന്തു സുന്ദരം അമ്പിളി നിന്നെ കാണാൻ
രാത്രി ആകുമ്പോൾ ഞാൻ
അമ്പിളി അമ്മാവനേ കാണാൻ
ജനലിൽ നിന്ന് ആകാശത്തേക്ക്
നോക്കും ആഹ എന്തു ഭംഗി
അമ്പിളി അമ്മാവനേ കാണാൻ.

-ആഷ്ന
9B

# ഒന്നാനാം കൊച്ചു തുമ്പി

ഒന്നാനാം കൊച്ചു തുമ്പി എന്റെ കൂടെ
പോരുമോ നീ?
നിന്റ്റെ കൂടെ പോന്നാലൊ എന്തെല്ലാം
തരുമെനിക്ക്
കളിപ്പാനോ കളം തരുവേൻ
കളിപ്പാനോ കളം തരുവേൻ
ഇട്ടിരിപ്പാൻ പൊൻ തടുക്ക്
ഇട്ടുണ്ണാൻ പൊൻ തളിക
കൈകഴുകാൻ വെള്ളിക്കിണ്ടി
കൈ തോർത്താൻ പുള്ളി പട്ട്
ഒന്നാനാം കൊച്ചു തുമ്പി എന്റെ കൂടെ
പോരുമോ നീ?

-വി.മധുസൂദനൻ നായർ

തയാറാക്കിയത് ,സാധിക സുനിൽ
9B



# മാർത്താണ്ടൻ

അരികിലേത്തും
പ്രകാശമേ.....
നിന്നെത്തേടുവതേതൊരു
ഭാവന...
നിൻ ഉദയത്താൽ
പ്രകാശിക്കുന്നു ഈ
ലോകമെന്നും...
മനം കവരും നിൻ
തേജജസ്സിനോളം
സാമ്യപ്പെടുത്തുവാൻ
കഴിയുന്ന മറ്റൊരു
പ്രകാശമുണ്ടോ ഈ
ഉലകിൽ??

അദിൽ റസ്റ്റൺ
9B

# പുഷ്പം

വിശപ്പകറ്റവാൻ തേൻതേടിവരുന്ന
ശലഭത്ത് കാമുകനായി ധരിക്കുന്ന
പൂവിനേക്കാൾ വിഡ്ഢിയായ മറ്റാരുണ്ട്.....

അദിൽ റസ്റ്റൺ 9B



# കടങ്കഥകൾ

അടുക്കള കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ.

അടുപ്പ്

ആരാലും അടിക്കാത്ത മുറ്റം.

ആകാശം

ആരോടും  മല്ലടിക്കും,വെള്ളത്തോട് പേടി

അഗ്നി

ആനയെ കാണാൻ വെളിച്ചമുണ്ട്,ബീഡി കത്തിക്കാൻ തീയില്ല.

ടോർച്ച്

ആനയ്ക്ക് നിൽക്കാൻ നിഴലുണ്ട്,ജീരകം പൊതിയാൻ ഇലയില്ല.

പുളിമരം

ആലിയ .എസ്  9B

# പ്രണയം

എൻ മനസ്സിൽ നിറയെ നിൻ മുഖം
നിന്നെ മറക്കാൻ കഴിയുന്നില്ലെൻ സഖീ
ഈ മായാനഗരത്തിൽ
നീയെവിടെ നിന്നെ ഞാൻ
തിരയുന്നീ ലോകം മുഴുവൻ.

അനു ലക്ഷ്മി 9C

# സഖി

എൻ പ്രിയ സഖി ,നിന്നെ തിരയുന്നു
ഈ ലോകത്തിൻ കോണിൽ .
നിന്നെ കാണണമെന്നൊരു
മോഹമുദിച്ചപ്പോൾ
എൻ മനസ്സിൽ നീയുണ്ടെന്നെനിക്ക്
ഉറപ്പായി.

നീ എൻ അരികിൽ വരാൻ എന്തു
നൽകണം ഞാൻ
കാത്തിരിക്കാം എന്ന വാക്കു മാത്രം ഞാൻ
നൽകാം.
ഈ ഒരു ജൻമം നിനക്കായി ഞാൻ
കാത്തിരിക്കാം
നീ വരുമോ എനിക്കു വേണ്ടി മാത്രം.

എൻ സന്തോഷം അത് നീ തന്നെ
എൻ ദുഖഃങ്ങൾ അകറ്റും ഔഷധം നീ.
എൻ കണ്ണീര് കാണുന്നൊരു ദൈവം നീ
നിൻ മായയിൽ ഞാൻ വീണു പോയി.

**അന്ന ലക്ഷ്മി**

# ചിലങ്ക

ഒരിക്കലും ഓർമ്മകളുടെ താളുകളിലേക്ക്
മാത്രമായി നീ അവശേഷിക്കാതിരിക്കട്ടേ.....

അനുശ്രീ
9C



# അവൾ.......



ചുറ്റും അരുടെയോക്കെയോ
ബഹളങ്ങൾ ആരൊക്കെയോ തന്നെ
അവകജ്ഞതയോടെ
ചുറ്റും ആരുടെ നോക്കുന്നു.... വെറുപ്പ് ദേഷ്യം..അമ്പരപ്പ്.... അങ്ങനെ പലവിധ ഭാവങ്ങളാൽ നിറഞ്ഞ പല നോട്ടങ്ങൾ...... ശാപവാക്കുകൾ പേമാരി പോലെ എന്നിൽ വന്നു വീണു കൊണ്ടിരുന്നു..... ഒന്നും ഞാൻ ശ്രേദ്ധിച്ചില്ലാ .... കൈയിൽ പുരണ്ട അയാളുടെ ചോരയിലേക് മാത്രം ആയിരുന്നു എന്റെ ശ്രദ്ധ.... അതെ താൻ ഇന്ന് അയാളെ കൊന്നിരികുന്നു..... തന്റെ പലരാത്രികളിലെയും ഉറക്കം നഷ്ട്ടപ്പെട്ടുത്തിയ അഹ് മനുഷ്യനെ താൻ കൊന്നിരിക്കുന്നു.....
ഇനിയെങ്കിലും എനിക്ക് ഒന്ന് ഉറങ്ങണം സ്വസ്ഥമായി.... അയാളെ പേടിക്കാതെ..... കതകിൽ മുട്ടി പേടിപ്പെട്ടുത്താൻ അയാൾ ഇല്ലാതെ.... സ്വന്തം മാനവും ജീവനും രക്ഷിക്കാൻ വേണ്ടി എങ്ങോട്ട് എന്നില്ലാതെ രാത്രികളിൽ ഓടാതെ.... എനിക്ക് ഒന്ന് ഉറങ്ങണം...
പോലീസ് വാഹനത്തിൽ കേറുമ്പോളും പുറകിൽ നിന്ന് ആരോ പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു ..... "സ്വന്തം അച്ചനെയാ ഓൾ കൊന്നത് എന്നിട്ടും ഒരു കുസലും ഇല്ല്യണ്ടല്ലേ ഓൾ പോകണേ.... ന്നാലും ന്തിനാന്നോ ന്തിനോ..... എന്തൊരു പാവം മനുഷ്യൻ ആരുന്നു....ഈ കൊച്ചിനെ എന്തോരം ഇഷ്ട്ടം ആയിരുന്നെന്നോ...."
അതെ എന്നെ അയാൾക് വളരെ ഇഷ്ട്ടമായിരുന്നു... എന്നാൽ അത് ഒരു മകളോട് അവളുടെ അച്ഛൻ തോന്നുന്ന ഇഷ്ട്ടം
ആയിരുന്നില്ല്യ..

പേടിയായിരുന്നു..ഓരോ നിമിഷവും...ആർക്കും തന്നെ വിശ്വാസമില്ലായിരുന്നു..... സ്വന്തം അമ്മക്ക് പോലും.......

എന്നെയോ അയാൾ.... ന്റെ അനിയത്തിയെ കൂടെ ആ മൃഗത്തിന് മുന്നിലേക്ക് അറിഞ്ഞു കൊണ്ട് ഇട്ടു കൊടുക്കാൻ എനിക്ക് വയ്യ.... അല്ല മൃഗമോ.... അയാൾ മൃഗമാണോ... മൃഗങ്ങൾക് പോലും ഇന്നാട്ടിലെ മനുഷ്യരേക്കാട്ടിൽ കരുണ ഉണ്ട്......
കോടതിക്കും ഈ സമൂഹത്തിനും മുൻപിലും ഞാൻ ഒരുപക്ഷെ തെറ്റുകാരി ആയിരികാം...
ഈ ജീവിതകാലം മുഴുവൻ ഒരു കൊലയാളിയായി എന്നെ മുദ്രകുത്തി മാറ്റിനിർത്തിയേക്കാം....
പക്ഷെ എന്റെ മനസാക്ഷിക്കു മുന്നിൽ ഞാൻ നിരപരാതിയാണ്...
ഇനിയെങ്കിലും എനിക്ക് സമാധാനമായി ഉറങ്ങാം....
ഇരുമ്പഴിക്കുള്ളിലാണെകിലും....

അനുശ്രീ

9C

# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി:
"കനകം  നാളെറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ ! വേണ്ടത് ഞാനെ
ഓലുണ്ടേരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടുരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്ട്ടട്ട് മാള്ള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തല്തേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നാട്ടുവാഴീരുന്നാലേ ഞാനിരിക്കു !
നാളത്തേ പുല്ലപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യെനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോട്ടുണ്ടെങ്കില്
പടപൊയ്യൂ താപ്പൂട്ടി വന്നോളാലോ.”

– ടി.എച്ച്.കുഞ്ഞിരാമൻ നായർ

– ആരതി ഓമനക്കുട്ടൻ

# വഴികാട്ടി

അന്നൊരു മഴദിവസമായിരുന്നു. അത് ചന്നംപിന്നം പെയ്തുകൊണ്ടിരിക്കുന്നു. സർക്കാരുവക ബസ്സ്റ്റാൻഡിൽ ബസുകൾ യാതൊരു ലക്ഷ്യബോധവുമില്ലാതെ തലങ്ങും വിലങ്ങും വന്നുപോയി. അതിന്റെ ചക്രങ്ങൾ ചെളിക്കുഴികളിൽ കയറിയിറങ്ങി ബസിനുള്ളിലെ ആളുകളെ ചാടാനും പുറത്തുള്ള മനുഷ്യരെ ഓടാനും പഠിപ്പിച്ചുകൊണ്ടിരുന്നു.

അപ്പോൾ, ഏതോ ഒരു ഓർഡിനറിബസിൽനിന്ന് ഒരു മധ്യവയസ്കൻ അവിടെ വന്നിറങ്ങി. അയാളുടെ കണ്ണുകളിൽ അപരിചിതത്വം നിഴലിച്ചു,

അതേസമയംതന്നെ, ചുറ്റുമുള്ള നോട്ടത്തിൽ എല്ലാറ്റിനോടും നീരസവും. സംഗതി നേരുതന്നെ; അവിടെ കണ്ണിനു കൊള്ളാവുന്ന കാഴ്ചകളൊന്നുമില്ല. എല്ലാം പതിവുള്ളതൊക്കെത്തന്നെ. പണ്ടെങ്ങോ ആർഭാടമായി പണിതെങ്കിലും കാടുകയറിയ നിലയിൽ, മനുഷ്യാവയവങ്ങളെ ഉപേക്ഷിച്ച ശുചിമുറികൾ...

മനുഷ്യനു ശല്യമായി അപേക്ഷിക്കുന്ന പിച്ചക്കാർ...

വെറ്റിലച്ചുണ്ണാമ്പ് തോണ്ടി തേച്ചുമിനുക്കിയ വെളുത്ത ഭിത്തികൾ...

മൂന്നുംകൂട്ടി മുറുക്കിയ പൊതുജനം തറകളെയും വെറുതെ വിട്ടില്ല– മുറുക്കിത്തുപ്പിയ ചുവന്ന അടയാളങ്ങൾ എങ്ങും കാണാമായിരുന്നു.

പച്ചനിറമുള്ള തണലും ചുവന്ന പൂക്കളും നിറഞ്ഞ വാകമരത്തിനു കീഴെ നിൽക്കാനും ആൾക്കാർക്കു കഴിഞ്ഞിരുന്നില്ല. മനുഷ്യർക്കു മാത്രമല്ല, ഞങ്ങൾക്കും അഴിഞ്ഞാടാൻ അറിയാമെന്നു തെളിയിക്കുംവിധം വികൃതികൾ കാട്ടി തെരുവുപട്ടികളും നാൽക്കാലികളും മഴകൊള്ളാതെ ആ മരച്ചുവട്ടിൽ നേരത്തേ സ്ഥാനംപിടിച്ചിരുന്നു.

ശുചീകരണവും നന്നേ കുറവാണെന്നതിന്റെ തെളിവെന്നോണം 'മൊട്ടായി'ക്കടലാസുകളും സിഗരറ്റ് കുട്ടുകളും ഫലം പുറപ്പെടുവിക്കാഞ്ഞ ലോട്ടറിക്കടലാസുകളും മാത്രമല്ല, പുതുവണ്ടികൾ അലങ്കരിച്ച പൂമാലകൾ ചതഞ്ഞരഞ്ഞും ബലൂണുകൾ പൊട്ടിക്കീറിയും അവിടെ കാണപ്പെട്ടു. പക്ഷേ, ഇതൊന്നും ഞങ്ങൾ അറിയുന്നില്ലെന്ന മട്ടിൽ ചില അന്യസംസ്ഥാന തൊഴിലാളികൾ ഒരു അല്പവസ്ത്രധാരിയായ സിനിമാനടിയുടെ പരസ്യബോർഡിലേക്ക് നോക്കിനിൽക്കുന്നുണ്ട്! മറ്റൊരുകൂട്ടം മലയാളിഞരമ്പുരോഗികൾ ക്ഷമയോടെ തിരക്കേറിയ ബസിനുവേണ്ടി കാത്തിരുന്നു!

വന്നിറങ്ങിയ ആ യാത്രക്കാരൻ നേരെ 'എൻക്വയറി' എന്നെഴുതിയ ബോർഡ് കണ്ട് അങ്ങോട്ടുവന്നു നോക്കിയപ്പോൾ, ഓഫിസിൽ യാത്രക്കാരുടെ അന്വേഷണങ്ങൾക്ക് മറുപടി പറയേണ്ട ഉപകരണങ്ങൾ ഒന്നുമില്ല. അവിടെ, ആകെയുള്ളത് ഒരു പഴഞ്ചൻ ടേബിൾഫാൻ. തകരത്തിന്റെ കുറുകുറുപ്പുമായി അന്ത്യശ്വാസം വലിക്കുമെന്ന് അത് സ്റ്റേഷൻമാസ്റ്റർക്ക് അന്ത്യശാസനം കൊടുക്കുന്നുണ്ടെങ്കിലും അയാൾ മഴയുടെ സംഗീതത്തിന്റെ അകമ്പടി സേവിച്ച് കൂർക്കം വലിക്കയാണ്. ഇനി താൻ ആരോടു ചോദിക്കണം എന്നു ശങ്കിച്ചു നില്ക്കെ, അന്ധനായ ഒരു വൃദ്ധൻ ലോട്ടറിയുമായി മന്ദംമന്ദം അവിടേക്ക് വന്നു.

"നാളെയാണ്... നാളെയാണ്..നാളെ കൃത്യം രണ്ടരമണിക്ക്
നറുക്കെടുക്കുന്ന ലോട്ടറി ആർക്കും വാങ്ങാം..നിങ്ങൾ വാങ്ങുന്ന ഈ
ടിക്കറ്റ് നാളെ നറുക്കെടുക്കുമ്പോൾ ഒന്നാം സമ്മാനമുള്ള ടിക്കറ്റ്
ആരുടെ കയ്യിലിരിക്കുന്നോ, അയാൾ ലക്ഷാധിപതി ആയിത്തീരുന്നു.
ആർക്ക് എപ്പോൾ ഭാഗ്യം വരുമെന്ന് ആർക്കും പ്രവചിക്കാൻ
സാധ്യമല്ല.."
ഈ വാചകങ്ങൾതന്നെ ക്രമമായി വൃദ്ധൻ ഉരുവിട്ടുകൊണ്ടിരുന്നു.
യാത്രികൻ വൃദ്ധനോട് എന്തോ ചോദിക്കാൻ ശ്രമിച്ചെങ്കിലും അതു
പാഴായിപ്പോയി.
അന്നേരം, ഒരു ഫാസ്റ്റ്പാസഞ്ചർബസ് അങ്ങോട്ട് പാഞ്ഞുവന്നു.
മഴവെള്ളം കാരണം അതിന്റെ ബോർഡ് നന്നായി കാണാൻ
കഴിയുമായിരുന്നില്ല. തന്നെയുമല്ല, ബോർഡ് കാണാനുള്ള ബൾബ്
തെളിഞ്ഞിട്ടുമില്ലായിരുന്നു. എങ്കിലും വലിയ അക്ഷരങ്ങൾ
വായിച്ചെടുക്കാമായിരുന്നു–'നിലമ്പൂർ'
പെട്ടെന്ന്, ആ മനുഷ്യൻ അടുത്തുനിന്ന ചെറുപ്പക്കാരനോട്
തിടുക്കത്തിൽ ചോദിച്ചു:
"ഈ ബസ് എങ്ങോട്ടാ?"
"ഇത്..നിലമ്പൂരുബസാ.."
"കോട്ടയംവഴിയല്ലേ?"
"അല്ലാ..മൂവാറ്റുപുഴ വഴി പോകുന്നതാ.."
അയാൾ ചെറുപ്പക്കാരനെ രൂക്ഷമായി ഒന്നു നോക്കിയിട്ട് വേഗം ആ
ബസിൽ കയറിപ്പോയി. യുവാവിന് ആകെ സംശയമായി. അയാൾ
എന്തിനായിരിക്കണം തെക്കോട്ട് ചോദിച്ചിട്ട് വടക്കോട്ടു പോയത്?
ചിലർ ഉത്തരത്തിനായി എതിര്ചോദ്യം ചോദിക്കുന്നവരുണ്ട്.
അക്കൂട്ടത്തിൽ വരുന്ന രീതിക്കാരനാവാം.
അങ്ങനെ അഞ്ചുമിനിറ്റ് കഴിഞ്ഞുകാണണം,
ദാ, വരുന്നു..നമ്മുടെ കഥാനായകൻ, ചാറ്റമഴയത്ത്
കുടപോലുമില്ലാതെ നനഞ്ഞ കോഴിയെപ്പോലെ!
ആ ബസിൽനിന്ന് ഇറക്കിവിട്ടെന്നു ചുരുക്കം
ചമ്മിയതുപോലെ അയാൾ കുറച്ചു മാറി തൂണിന്റെ മറവിൽ
ഒളിച്ചുനിൽക്കുന്ന പ്രതീതി. മറ്റൊരു ബസ് വന്നപ്പോൾ പ്രകാശമുള്ള
ബോർഡ് സ്വയം വായിച്ച്അയാൾ വലിയ ഗമയിൽ കയറിപ്പോയി.
അതിന്റെ ബോർഡ് 'പുനലൂർ' എന്നായിരുന്നു!

-ആർ.കെ.നാരായൺ

ഐശ്വര്യ,9D

## മാമ്പഴം

അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ
അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ
നാലു മാസത്തിൻ മുൻപിലേറെ നാൾ കൊതിച്ചിട്ടി-
ബ്ബാലമാകന്ദം പൂവിട്ടുണ്ണികൾ വിരിയവേ

അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ച പോ-
ലമ്മലർച്ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തി!
ചൊടിച്ചു മാതാവപ്പോൾ, “ഉണ്ണികൾ വിരിഞ്ഞ പൂ-
വൊടിച്ചു കളഞ്ഞില്ലേ കുസൃതിക്കുരുന്നേ നീ?

മാങ്കനി വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുല തല്ലുന്നതു തല്ലുകൊള്ളാഞ്ഞിട്ടല്ലേ?“
പൈതലിൻ ഭാവം മാറി വദനാംബുജം വാടീ,
കൈതവം കാണാക്കണ്ണു കണ്ണുനീർത്തടാകമായ്.



“മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നി“ല്ലെന്നവൻ
മാൺപെഴും മലർക്കുലയെറിഞ്ഞു വെറും മണ്ണിൽ!
വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ!

തുംഗമാം മീനച്ചൂടാൽ തൈമാവിൻ മരതക-
ക്കിങ്ങിണി സൗഗന്ധികസ്വർണ്ണമായ്ത്തീരും മുൻപേ,
മാങ്കനി വീഴാൻ കാത്തു നിൽക്കാതെ മാതാവിന്റെ
പൂങ്കുയിൽ കൂടും വിട്ടു പരലോകത്തെ പൂകി.

വാനവർക്കാരോമലായ്, പാരിനെക്കുറിച്ചുദാ-
സീനനായ്, ക്രീഡാരസലീനനായവൻ വാഴ്കെ,
അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ
അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ!

വൈലോപ്പിള്ളി ശ്രീധരമേനോൻ1936-ൽ എഴുതിയ
കവിതയാണ് മാമ്പഴം

ഐശ്വര്യ9D

# നായ വീട്ടുമൃഗമായതെങ്ങനെ!!

വളരെ പണ്ട് നായ കാട്ടുമൃഗമായിരുന്നു. വീടുകളിലൊന്നും നായകളെ വളർത്തുന്ന രീതിയുണ്ടായിരുന്നില്ല.
അന്ന് നായയുടെ ഏറ്റവും അടുത്ത സുഹൃത്ത് ചെന്നായ ആയിരുന്നു. ഒന്നിച്ചുള്ള താമസം. ഒന്നിച്ചുള്ള വേട്ടയാടൽ ഒന്നിച്ചുള്ള ഭക്ഷണം.
ഒരിക്കൽ വൈകുന്നതുവരെ വേട്ടയാടിയിട്ടും ഒന്നുംതന്നെ അവർക്കു കിട്ടിയില്ല. നേരം വൈകിയപ്പോൾ നല്ല തണുത്ത കാറ്റു വീശാനും തുടങ്ങി. അസഹനീയമായ തണുപ്പും നല്ല വിശപ്പും.
"വിശപ്പിനൊപ്പം ഈ തണുപ്പുംകൂടി സഹിക്കാനാവുന്നില്ല." നായ പറഞ്ഞു.
"നാളെ നമുക്കു നല്ല കൊച്ചു മാനിനെ വേട്ടയാടിപ്പിടിക്കാം. ഇപ്പോൾ കിടന്നുറങ്ങു സ്നേഹിതാ." ചെന്നായ പറഞ്ഞു.
നായക്കു പക്ഷെ ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും രക്ഷയില്ല. ചെന്നായയും ഉറങ്ങിയിട്ടില്ല.
അപ്പോഴതാ അല്പം ദൂരെയായി ഒരു ചെറുവെളിച്ചം.
"ഏയ് സുഹൃത്തേ നോക്കു, എന്തോന്നാ ആ വെളിച്ചം"
"ഓ, അവിടൊരു ഗ്രാമമുണ്ട്. അവിടത്തെ ഏതോ ഒരു വീട്ടിൽ അടുപ്പ് കൂട്ടുന്നതാ. നിനക്കറിയാലോ..." ചെന്നായ നിസ്സംഗനായി പറഞ്ഞു.
"തീയ്ക്കു നല്ല ചൂടല്ലേ. നീ നല്ല ധീരനല്ലേ ചെന്ന് അല്പം തീ കൊണ്ടുവാ." നായ പറഞ്ഞു.
വേണമെങ്കിൽ നീ പോയി എടുക്കു. എനിക്കുറക്കം വരുന്നു." ചെന്നായ പറഞ്ഞു.
നായക്ക് മനുഷ്യരെ പേടിയാണെങ്കിലും എങ്ങനെയെങ്കിലും ചൂടു കിട്ടണമെന്നുണ്ട്. മാത്രമല്ല മനുഷ്യന്റെ വീടിനടുത്ത് എല്ലിൻ കഷണമൊക്കെ കണ്ടെടുന്നും വരും. പട്ടിണിയും തണുപ്പും അവന്റെ ഭയം കുറച്ചു. അവൻ പറഞ്ഞു
"സുഹൃത്തേ ഞാൻ ഏതായാലും ഒന്നു പോയി നോക്കട്ടെ. വല്ല എല്ലിൻകഷണവും കിട്ടിയാൽ അതുകൂടി എടുക്കാമല്ലോ."
ഞാൻ വരാൻ വൈകിയാൽ നീ ഓരിയിടണം. അപ്പോൾ നിന്റെ അടുക്കലേയ്ക്കുള്ള വഴി എനിക്കു തെറ്റില്ല."
ഗ്രാമത്തിലെ വീടിനരികിലെത്തിയ നായ തിയുടെ അരികിലായി നല്ല കുറെ എല്ലിൻകഷണങ്ങൾ കിടക്കുന്നതു കണ്ടു, പതിയെ അവൻ അതിനടുത്തെത്തിയപ്പോൾ അതാ കുടിലിനുള്ളിൽനിന്നു ഒരു മനുഷ്യൻ പുറത്തുവരുന്നു. ഭയന്നുപോയ നായ വളരെ ദയനീയമായി കരഞ്ഞു.
"എന്നെ കൊല്ലല്ലേ ചേട്ടാ. ഞാനൊരു പാവമാണേ. വിറച്ചിട്ടുവയ്യ. അല്പം തീ കാഞ്ഞ് ഇപ്പംതന്നെ പൊയ്ക്കോളാം."
നായയുടെ ദയനീയ മുഖവും ഭവ്യതയോടെയുള്ള സംസാരവും, ആ മനുഷ്യനെ സ്പർശിച്ചു.
"ശരി , കുറച്ചുനേരം കഴിഞ്ഞ് സ്ഥലം വിട്ടോണം."
പിന്നെ അയാൾ കുടിലിലേക്കു കയറിപ്പോയി. ഒരു വലിയ എല്ലിൻ കഷണവും കടിച്ചുപൊട്ടിച്ചുകൊണ്ട് അവൻ
തീയ്ക്കരുകിൽ ഇരുന്നു.
വീണ്ടും പുറത്തിറങ്ങിവന്ന മനുഷ്യൻ നായ ഇതുവരെ പോയില്ലെന്നു കണ്ടു.

"ങേ ഇതുവരെ പോയില്ലേ, ആവശ്യത്തിനു ചൂട്ടു കിട്ടിയില്ലേ."
മനുഷ്യരോടുള്ള ഭയം പതിയെ മാറിത്തുടങ്ങിയ നായ പറഞ്ഞു.
"ഇല്ലെന്നേ, ഇത്തിരിനേരം കൂടി ഞാനിവിടെ ഇരുന്നോട്ടെ."
ആ മനുഷ്യൻ ഒന്നുചിരിച്ചു. എന്നിട്ട് ഉള്ളിലേക്കു പോയി.
അല്പ നേരം കഴിഞ്ഞ് വീണ്ടും മടങ്ങിവന്ന് പഴയ ചോദ്യം ആവർത്തിച്ചു. ഉത്തരവും പഴയതുതന്നെ.
മൂന്നാമത്തെ തവണ പുറത്തു വന്നപ്പോഴും നായ അവിടെത്തന്നെയുണ്ട്. ഇപ്പോൾ നായയുടെ ഭയം ഏതാണ്ട് പൂർണ്ണമായും മാറിയിരുന്നു. മനുഷ്യൻ എന്തെങ്കിലും ചോദിക്കുന്നതിനു മുൻപേ അവൻ പറഞ്ഞു.
"എന്റെ പൊന്നു ചേട്ടാ, ഞാനീ കുടിലിന്റെ അരികിൽ കിടന്നോളാം. കാട്ടിലാണെങ്കിൽ നല്ല തണുപ്പ്, കഴിക്കാൻ പോലും ചിലപ്പോൾ ഒന്നും കിട്ടാറില്ല. വെറുതെ വേണ്ട ചേട്ടാ, ഈ വീടിന്റെ സംരക്ഷണം ഇതാ ഈ ഞാൻ ഏറ്റെടുത്തോളാം, ദിവസവും കുറച്ചെന്തെങ്കിലും കഴിക്കാൻ തന്നാൽ കുശാലായി."
ഒട്ടുനേരം ആലോചിച്ചിട്ട അയാൾ പറഞ്ഞു.
"ശരി നീ ഇവിടെ കൂടിക്കോ, ഞങ്ങൾക്കു ഒരു കൂട്ടുമായല്ലോ."
അന്നു മുതൽ നായ മനുഷ്യനു തുണയായി. അവന്റെ വീട്ടു കാവൽക്കാരനായി. അതോടെ നായ വലിയൊരു ജീവിതസത്യവും പഠിച്ചു.
ഭയപ്പെടുന്നതെന്തോ അതു ചെയ്യുക; ഭയം താനേ മാറിക്കൊള്ളും.

malayalam info.com

തയാറാക്കിയത് ,
അതുല്ല്യ . പി. എസ്
9D 2023–24



# നന്മ മരം

ചൂലുണ്ടാക്കാൻ ഈർക്കിൽതരും
ടോർച്ച് തെളിക്കാൻ ചൂട്ട്തരും
ദാഹമകറ്റാൻ നീരു തരും
വിറകിനായി മടലു തരും
പുരമേയാനായ്ഓല തരും
കയറുണ്ടാക്കാൻ ചകിരി തരും
ഇങ്ങനെയൊത്തിരി നന്മകൾ തരും
മുറ്റത്തുള്ളൊരു തെങ്ങ് മരം.

തയ്യാറാക്കിയത്,

അതുല്ല്യ.പി.എസ്

9 D



# മോഹം

ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം
തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാ
നെല്ലി മരമൊന്നുലുത്തുവാൻ മോഹം
മരമോന്നുലുതുവാൻ മോഹം
അടരുന്ന കായ്മണികൾ പൊഴിയുമ്പോൾ
ചെന്നെടുത്ത് അതിലൊന്ന് തിന്നുവാൻ മോഹം
സുഖമെഴും കയ്പ്പും പുളിപ്പും മധുരവും
നുകരുവാനിപ്പോഴും മോഹം
തൊടിയിലെ കിണർവെള്ളം കോരി
കുടിച്ചെന്ത് മധുരം എന്നോതുവാൻ മോഹം
എന്ത് മധുരമെന്നോതുവാൻ മോഹം
ഒരു വട്ടം കൂടി കൂടിയാ പുഴയുടെ തീരത്ത്
വെറുതെയിരിക്കുവാൻ മോഹം

ഒ.എൻ.വി.കുറുപ്പ്

ദേവനന്ദ.എം
9C

# പ്രേമം


എന്നിൽ പ്രേമത്തിൻ ദിവ്യ സുഗന്ധം പരത്തും മായാജാലമേ.....
നീ ആരോ??
നീയാണോ എന്നിൽ ഇന്നും പൂവിടാത്ത മുട്ട്???
നീ എവിടെയാണെന്റെ പ്രണയമേ ഇനിയും എത്ര
നാളിങ്ങനെ ഏകാകിയാം ശലഭം പോൽ ഞാൻ നിന്നെ
തേടും?
അരികിലേക്കുള്ള നിൻ വരവിനായ് ഞാൻ
കാത്തിരിക്കുന്നു......

നിയ9C

# ഗുരു

അറിവിൻ വെളിച്ചം എന്നിലേക്ക് പകർന്നു നൽകുന്ന ആകാശഗോള നക്ഷത്രങ്ങളെ.....
നിങ്ങളാണെന്ന് വഴികാട്ടി.....
നിങ്ങൾത്തന്നെ എൻ ജീവിതം....
നിങ്ങളെ ഓർമയിൽ സൂക്ഷിച്ചീടാം ഞാൻ എന്നുമേ.....

നിയ9C



ഒന്നിലും താൽപ്പര്യമില്ലാത്ത, വീട്ടിൽ ബന്ധുക്കളാൽ നിരന്തരം പ്രകോപിതരും കോളേജിൽ ഏകാന്തതയും ഉള്ള ഒരു യുവാവാണ് അപ്പു. അവൻ്റെ പിതാവ് പട്ടാളത്തിൽ ജോലി ചെയ്യുന്നു, അവൻ്റെ വഴികൾ മാറ്റാൻ അമ്മ അവനെ നിരന്തരം ശ്രദ്ധിക്കുന്നു. വിജയൻ തൻ്റെ വീട് പുതുക്കിപ്പണിയാൻ തൻ്റെ ജീവിത സമ്പാദ്യം ചെലവഴിച്ചിട്ടുണ്ടെങ്കിലും, അവൻ്റെ അച്ഛൻ വിജയൻ്റെ സഹോദരിയും അവളുടെ ഭർത്താവും അവരുടെ അമ്മയെ കബളിപ്പിച്ച് അവരുടെ സഹോദരി സാവിത്രിയുടെ പേരിൽ അവരുടെ കുടുംബ വീട് രജിസ്റ്റർ ചെയ്യുന്നു. ക്ലാസ്സിൽ കയറാത്തതിന് അപ്പുവിനെ ശകാരിച്ചതിനാൽ ഒരു ദിവസം അപ്പു തൻ്റെ പ്രൊഫസറുമായി പ്രശ്നത്തിൽ അകപ്പെട്ടു. വലതുപക്ഷ വിദ്യാർത്ഥി പാർട്ടി അംഗങ്ങൾ അപ്പുവിനെ തങ്ങളുടെ ചിറകിന് കീഴിലാക്കി, അവൻ്റെ വഴിപിഴച്ചത അവരുടെ ലക്ഷ്യത്തിനായി ഉപയോഗിക്കാൻ പദ്ധതിയിടുന്നത് ഈ തർക്കം മുതലാക്കുന്നു. നിലവിൽ കോളേജ് യൂണിയൻ ഭരിക്കുന്ന ഇടതുപക്ഷ പാർട്ടിയുമായി അവർ നിരന്തരം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കോളേജിലെ മുൻ വിദ്യാർത്ഥിയും ഇടത് പ്രവർത്തകനുമായ മേനോൻ പ്രൊഫസറെ കോളേജിൽ സന്ദർശിക്കാൻ വന്നപ്പോൾ, അപ്പുവിൻ്റെ സുഹൃത്തുക്കളായ കുഴിവേലിയും സംഘവും ഇതിനെ എതിർക്കുന്നു, പ്രൊഫസർ മറുകക്ഷിയെ അനുകൂലിക്കുന്നു എന്ന് ആരോപിച്ചു. തുടർന്നുള്ള തർക്കത്തിൽ അപ്പു ദേഷ്യപ്പെടുകയും പ്രൊഫസറെ മർദിക്കുകയും ചെയ്തു, അതിൻ്റെ ഫലമായി അവനെ കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്തു. വിജയൻ അവനെ കഠിനമായി ശാസിക്കുന്നു, അതിനോട് അവൻ വിമതനായി പ്രതികരിക്കുന്നു, അവൻ്റെ അമ്മ ലക്ഷ്മി അവനോട് വീട് വിടാൻ ആവശ്യപ്പെടുന്നു. ദേഷ്യവും അസ്വസ്ഥതയും ഉള്ള അവൻ കോളേജ് ഹോസ്റ്റലിൽ അഭയം പ്രാപിക്കുന്നു.

ഒടുവിൽ അവൻ്റെ യൂണിയൻ സുഹൃത്തുക്കൾ അപ്പുവിനെ കോളേജിലേക്ക് തിരികെ കൊണ്ടുപോകാനും സസ്പെൻഷൻ റദ്ദാക്കാനും പ്രിൻസിപ്പലിനെ ഭീഷണിപ്പെടുത്തി. അപ്പു വീട്ടിൽ തിരിച്ചെത്തി, തൻ്റെ വഴികൾ നന്നാക്കാൻ ശ്രമിക്കുന്നു, അയൽപക്കത്തെ പ്രണയിനിയായ ലതയുമായി പ്രണയബന്ധത്തിൽ ഏർപ്പെടുന്നു. എന്നിരുന്നാലും, അപ്പുവിൻ്റെ ഇപ്പോഴത്തെ അവസ്ഥയും അതേ കാരണങ്ങളാൽ അവളുടെ കുടുംബത്തിൻ്റെ അഭിപ്രായവ്യത്യാസവും ചൂണ്ടിക്കാട്ടി ഒരു സമ്പന്നനായ പ്രവാസിയുടെ സഖ്യം വന്നപ്പോൾ ലത ആ ബന്ധത്തിൽ നിന്ന് പിന്മാറുന്നു. ഇതിനിടയിൽ കോളേജിൽ കുഴിവേലിയും സംഘവും തങ്ങളുടെ സംഘാംഗങ്ങളെ നേരത്തെ ചവറ്റുകുട്ടയിൽ വീഴ്ത്തിയ ഇടതുപക്ഷ സംഘത്തെ തിരിച്ചുപിടിക്കാൻ അവസരം തേടുകയായിരുന്നു. നേരത്തെ പ്രൊഫസറെ കാണാൻ വന്ന മുൻ വിദ്യാർത്ഥിയെയും അവരുടെ നേതാവ് മേനോനെയും ആ വ്യക്തി ക്രമീകരിച്ച് മർദ്ദിച്ചപ്പോൾ പ്രതികാരമായി അവർ അത് ചെയ്തു. അവർ അപ്പുവിൻ്റെ മാനസിക പിരിമുറുക്കം മുതലെടുക്കുകയും എതിരാളികളോട് വഴക്കുണ്ടാക്കുകയും ചെയ്യുന്നു. തുടർന്നുണ്ടായ കലഹത്തിൽ അപ്പു അബദ്ധത്തിൽ ലൈബ്രറിയിൽ വെച്ച് ഒരു നിരപരാധിയായ വിദ്യാർത്ഥിയെ കുത്തുകയും കൊല്ലുകയും ചെയ്തു. അപ്പു ബാറുകൾക്ക് പിന്നിൽ പോകുന്നു, ലക്ഷ്മി ഹൃദയം തകർന്നു മരിച്ചു. അമ്മയുടെ ശവസംസ്കാര ചടങ്ങിൽ അച്ഛനെ കണ്ടതിന് ശേഷം അപ്പു തൻ്റെ പിതാവിൻ്റെ മുന്നിൽ തകർന്ന് ജയിലിലേക്ക് പോകുന്നു.

ജെർലിൻ,9D



# കവിതയോട്

എന്തിനു താമസിപ്പതംബേിക,
നിന്നുണ്ണിയാ-മെൻ മുന്നിലണയുവാ?
നെഞ്ചു നീ മറഞ്ഞിതോ?എത്രനാളമ്മേ,
നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ
കേണുകേണലയേണ്ടൂ?
പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു
തങ്ക-
പ്പങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി
മുക്കി
നീരാട്ടി
മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ
നടക്കവേ
ആ മണിമുറ്റത്തു നിൻ
സ്മിതത്തുവെളിയെന്ന്യേ
യാതൊന്നും കണ്ടിടാതെ മടങ്ങി
നിരശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും
കൈയ്യിലേന്തി
പ്രാർത്ഥനക്കായിച്ചെല്ലും സന്ധ്യയാം
പെൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നെ ഞാൻ
തിരഞ്ഞിതേ.
താവകപ്പുഞ്ചേലതൻ
സൗവർണ്ണരുചിയല്ലാ-
താവഴിക്കൊന്നും കണ്ടീലാഹന്ത!
ദൗർഭാഗ്യമേ
സാധുവാം കൃഷകന്നു നൽകുവാൻ
പ്രകൃത്യംബ
സാമോദം സംഭരിച്ച രത്നങ്ങൾ
നിറച്ചതാം
ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിന വിൺതട്ടിൽ മുകളിലും
ഞാനന്നങ്ങെങ്ങും തേടി,-
വാർമഴവില്ലാകും നിൻ
മാണിക്യമാലയും
പ◌ൊോൻമിന്നൽകൊഞ്ചിയും കണ്ടേൻ.

ജെർലിൻ,9D

# കാത്തിരിക്കാം....

നീ എൻ അരികിൽ വരാൻ എന്ത് ഞാൻ നൽകണം സഖി?
കാത്തിരിക്കാം എന്ന വാക്കുമാത്രം
ഈ ഒരു ജൻമം മുഴുവൻ നിനക്കായി ഞാൻ കാത്തിരിക്കാം
നീ വരുമോ എനിക്കുവേണ്ടി മാത്രം?

WRITTEN BY ANU LEKSHMI
PREPARED BY KRISHNENDU B AJI
C BATCH 2022-2025

# സൗഹൃദം

സൗഹൃദമേ എന്നെ ഞാനാക്കി
മാറ്റിയ എന്റെ സൗഹൃദമേ
ഞാനെന്ന വ്യക്തിയെ ചെത്തി
മിനുക്കി മുനുസമുള്ളതാക്കി മാറ്റിയ സൗഹൃദമേ

കടൽ കരയുടെ അരികിൽ വന്നു
ചേരുന്നതുപോലെ ഞാനെന്നും ഒപ്പമുണ്ടാകും
സന്തോഷത്തിലും ദുഖത്തിലും ഞാൻ
ഉറപ്പായും ഞാനരികിൽ ഉണ്ടാകും

ഇളം കാറ്റെന്നെ തഴുകുംബോൾ
നിന്റെ ഗന്ധം ഞാനറിയുന്നു
നീ എന്ന പൂവിന്റെ പനിനീർ
സുഗന്ധം എന്നിൽ ഏൽക്കുന്നു.

എന്റെ തെറ്റും ശരിയും കാട്ടിത്തന്ന്
എന്റെ ഗുരുവായി മാറിയെൻ സൗഹൃദം
എന്റെ ഒപ്പം ചിരിച്ചും കളിച്ചും കുസൃതികാട്ടിയും
എന്റെ സഹോദരിയായി മാറിയ എന്റെ സൗഹൃദം

എന്റെ ജീവിതത്തിൽ വന്ന് ചേർന്നൊരു
അനുഗ്രഹമാണെന്റെ സൗഹൃദം
ജീവിതകാലം മുഴുവൻ ഓർത്തു
വെക്കാൻ  പറ്റുന്ന ഒരു നിധിയാണെൻ സൗഹൃദം

കൃഷ്ണേന്ദു
9C



# ചിൻഡ്രില

വളരെ പാവംപിടിച്ചൊരു പെണ്ണായിരുന്നു ചിൻഡ്രില. അവളുടെ അമ്മ മരിച്ചതിനുശേഷം അച്ചൻ വീണ്ടും വിവാഹം കഴിച്ചപ്പോൾ വാസ്തവത്തിൽ അവൾക്ക് അതിയായ സന്തോഷം തോന്നി. പക്ഷെ ആ സന്തോഷം ഏറെനാൾ നീണ്ടുനിന്നില്ല. കാരണം രണ്ടാനമ്മയ്ക്ക് അവളോട ഇഷ്ടമില്ലായിരുന്നു.

എന്നുമാത്രമല്ല വളരെ ക്രൂരവുമായിരുന്നു പെരുമാറ്റം. തരം കിട്ടുമ്പോഴൊക്കെ പാവം ചിൻഡ്രിലയെ വല്ലാതെ ദ്രോഹിക്കും. അവൾക്ക് ആഹാരംപോലും പലപ്പോഴും കൊടുത്തിരുന്നില്ല. ദുഃഖവും വേദനയും സഹിക്കാനാവാതെ വരുമ്പോൾ അമ്മയുടെ കുഴിമാടത്തിൽ പോയിരുന്ന് അവൾ കരയുകയും പ്രാർത്ഥിക്കുകയും ചെയ്യു.
“എന്റെ അമ്മ എന്നെ രക്ഷിക്കും.”
ഒടുവിൽ ഇതു പറഞ്ഞിട്ട് അവൾ മടങ്ങും.
അങ്ങനെയിരിക്കെ ഒരുദിവസം അവൾ കരഞ്ഞു പ്രാർത്ഥിച്ചു കൊണ്ടിരിക്കെ കുഴിമാടത്തിന്റെ മണ്ണ് അല്പം പിളർന്നു മാറി. അവിടെ ഒരു മുളപൊട്ടുന്നു. വിടർന്ന കണ്ണുകളോടെ അവൾ അതു നോക്കിയിരിക്കെ ആ ചെറിയ മുള അതാ അത്ര ചെറുതല്ലാത്ത മരമായി വളരുന്നു. അതിൽ നിറയെ പഴങ്ങൾ.
കാറ്റിൽ ഇളകിയാടിയ ഇലകൾ അപ്പോൾ അവളോടു പറഞ്ഞു.
“മോളേ ഞാനിവിടെ നിന്റെ അരികിലുണ്ട്. നീ ഇതിന്റെ പഴങ്ങൾ ഭക്ഷിച്ചുകൊള്ളൂ.””
“ഹായ് എന്ത് നല്ല രുചി”.
അവൾ ആ പഴങ്ങൾ മതിയാവോളം പറിച്ചു തിന്നു. മിക്കവാറും എല്ലാ ദിവസവുംതന്നെ ഇതു തുടർന്നുവന്നു. ചിൻഡ്രിലയുടെ പ്രസരിപ്പും മുഖത്തെ പ്രസന്നതയും കണ്ടപ്പോൾ രണ്ടാനമ്മയ്ക്ക് ഇതിലെന്തോ മഹസ്യമുണ്ടെന്നു തോന്നി. അവർ സൂത്രത്തിൽ അവളെ പിൻതുടർന്നു കാര്യം മനസ്സിലാക്കി.
ദുഷ്ടയായ അവർ ഭർത്താവിനെ പ്രേരിപ്പിച്ച് മരം വെട്ടിക്കളഞ്ഞു. അടുത്ത ദിവസം ചിൻഡ്രില മരച്ചുവട്ടിലിരുന്ന് കരഞ്ഞ് പ്രാർത്ഥിച്ചിട്ടു പറഞ്ഞു.
“എന്റെ അമ്മ എന്നെ കൈവിടില്ല. അമ്മ തീർച്ചയായും എന്നെ രക്ഷിക്കും.”
പെട്ടെന്നതാ, ആ മരം നിന്നിടത്ത് മത്തങ്ങ പോലൊരു സാധനം. അതിന്റെ മുകൾഭാഗത്തായി ചെറിയൊരു സുഷിരമുണ്ട്. ആ സുഷിരത്തിനുള്ളിൽ നിന്നു വന്ന വാക്കുകൾ ഒട്ടൊന്നുമല്ല അവളെ സന്തോഷിപ്പിച്ചത്.
“മോളേ, ഈ സുഷിരത്തിൽ നിന്റെ ചുണ്ടും മുഖവും അമർത്തി ഇതിൽനിന്നുള്ള ചാറു കുടിച്ചുകൊള്ളൂ.”
പിന്നെ കുറെ ദിവസം അവൾക്കു നല്ല ഉത്സാഹമായിരുന്നു. അത്രയേറെ രുചികരവും ഉന്മേഷദായകവുമായ പാനീയം അവൾ കുടിച്ചിട്ടേയില്ല.
കാര്യം മനസ്സിലാക്കിയ രണ്ടാനമ്മ രാത്രിയിൽ കത്തിയുമായിച്ചെന്ന് അതു മുറിച്ചെടുത്ത് നശിപ്പിച്ചു കളഞ്ഞു.
ചിൻഡ്രിലയ്ക്ക് ദുഃഖം അടക്കാനായില്ല. അവൾ വീണ്ടും അമ്മയുടെ കുഴിമാടത്തിനരികിലെത്തി വിലപിക്കുവാൻ തുടങ്ങി. ഏറെ നേരം കഴിഞ്ഞില്ല അവിടെയൊരു കൊച്ചുതടാകം രൂപം കൊണ്ടു.
അതിൽനിന്ന് ആവോളം കുടിച്ചോളൂ എന്നു പറയുന്നത് അവൾ വ്യക്തമായി കേട്ടു. അവൾ കുനിഞ്ഞിരുന്ന് ആ വെള്ളം കുടിച്ചു. അവളുടെ വിശപ്പും ദാഹവും എങ്ങുപോയെന്ന് അവൾക്കുതന്നെ മനസ്സിലായില്ല.
രണ്ടാനമ്മയുണ്ടോ പക്ഷേ അവളെ സന്തോഷിപ്പിക്കാൻ വിടുന്നു? ഭർത്താവിനോട് പറഞ്ഞ് ആ തടാകം മൊത്തം മണ്ണിട്ടു മൂടിക്കളഞ്ഞപ്പോഴാണ് അവർക്കു സമാധാനമായത്.

-ഡെയ്ന,9B

# കവിതയോട്

എന്തിനു താമസിപ്പതാംബികെ, നിന്നുണ്ണിയാ–
മെൻ മുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ?
എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംക്കൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടു?

പൂർവാശയാറ്റുനോറ്റു സമ്പാദിച്ചൊരു തങ്ക–
പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും–
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ
ആ മണിമുറ്റത്തു നിൻ സ്മിതത്തുവൊളിയന്യേ

യാതൊന്നും കണ്ടീടാതെ മടങ്ങി നിരാശനായ്
പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുത്തർക്കദീപവും കൈയ്യിലേന്തി
പ്രാർത്ഥനക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നെ ഞാൻ തിരഞ്ഞിതേ.
താവകപ്പൂഞ്ചേലതൻ സൗവർണരുചിയല്ലാ–
താവഴിക്കൊന്നും കണ്ടീലാഹന്ത! ദൗർഭാഗ്യമേ
സാധുവാം കൃഷകന്നു നൽകുവാൻ പ്രകൃത്യംബ
സാമോദം സംഭരിച്ച രത്നങ്ങൾ നിറച്ചതാം

ഇരുമ്പുപെട്ടികളും പത്തായങ്ങളുമേറ്റം
നിറച്ചുവച്ചീടിന വിൺതട്ടിൽ മുകളിലും
ഞാനനഞ്ഞെങ്ങും തേടി,–വാർമഴവില്ലാകും നിൻ
മാണിക്യമാലയും പൊൻമിന്നൽകൊഞ്ചിയും കണ്ടേൻ.
സുപ്രഭാതത്തിങ്കലെക്കോകിലഗാനങ്ങളിൽ
കേൾപ്പൂ ഞാൻ നിൻ താരാട്ടിൻതേനൊലിസംഗീതങ്ങൾ
ത്വൽക്കാരമൃദുഘോഷം മാറ്റൊലിക്കൊള്ളുന്നിതേ
നൽക്കുളിർപ്പൂഞ്ചോലതൻ ലോലകല്ലോലങ്ങളിൽ;
നിൻപാദപത്മത്തിന്റെ പാടുകൾ കണ്ടീടുന്നു
ചെമ്പനീർപുഷ്പങ്ങളിൽ സുന്ദരം സമ്മോഹനം;
എന്നാലുമമ്മേ, നിന്നെക്കണ്ടീല, നീയെങ്ങാവോ!
നിന്ന്നുണ്ണിയായോരെന്നെക്കൈവിട്ടു മറകയോ?

ടി.ഉബൈദ്

തയ്യാറാക്കിയത്,
ഭവ്യശ്രീ പ്രേം
9D

# ആത്മാവിൽ ഒരു ചിത

അച്ഛനുറങ്ങി കിടക്കുന്നു നിശ്ചലം;
നിശബ്ദതപോലുമന്നു
നിശബ്ദമായ്..അച്ഛനുറങ്ങി കിടക്കുന്നു
നിശ്ചലം;
നിശബ്ദതപോലുമന്നു നിശബ്ദമായ്..
വന്നവർ വന്നവർ എന്നെ നോക്കികൊണ്ടു
നെടുവീർപ്പിടുന്നതെങ്ങിനെ..
ഒന്നുമെനിയ്ക്കു മനസ്സിലായില്ല
അച്ഛനിന്നുണരാത്തതും ഉമ്മതരാത്തതും
ഒച്ചയുണ്ടാക്കുവാൻ പാടില്ല
ഞാൻ എന്റെ അച്ഛനുറങ്ങി
ഉണർന്നെണീയ്ക്കുന്നതും വരെ
പച്ചപ്പിലാവിലെ തൊപ്പിയും
വെച്ചുകൊണ്ടച്ഛന്റെ
കൺപീലി മെല്ലെ തുറന്നു ഞാൻ
പെയ്തുതോരാത്ത മിഴികളുമായ്
എന്റെ കൈതട്ടിമാറ്റി പതുക്കെയെൻ
മാതുലൻ
എന്നെയൊരാൾവന്നെടുത്തു തോളത്തിട്ടു
കൊണ്ട് പോയ്
കണ്ണീർ അയാളിലും കണ്ടു ഞാൻ
എന്തുകൊണ്ടാണച്ഛനിന്നുണരാത്തതെന്ന്
യെന്നെയെടുത്താളോടു ചോദിച്ചു ഞാൻ
കുഞ്ഞിന്റെയച്ഛൻ മരിച്ചുപോയെന്നയാൾ
നെഞ്ഞകം പിന്നിപറഞ്ഞു മറുപടി
ഏതാണ്ടാപകടമാണെന്നച്ഛനെന്നോർത്ത്
വേദനപ്പെട്ട ഞാനെന്നൊശ്വാസിച്ചുപോയ്
ആലപ്പുഴയ്ക്കു പോയെന്നു കേൾക്കുന്നതു
പോലൊരു
തോന്നലാണുണ്ടായതപ്പൊഴും
ആലപ്പുഴയ്ക്ക് പോയി വന്നാൽ
അച്ഛനെനിയ്ക്കാറഞ്ചു
കൊണ്ടത്തരാറുള്ളതോർത്തു ഞാൻ
അച്ചൻ മരിച്ചതേയുള്ളൂ
മരിച്ചതത്ര കുഴപ്പമാണെന്നറിഞ്ഞില്ല
ഞാൻ
എന്നിട്ടുമെന്നിട്ടുമങ്ങേ മുറിയ്ക്കക
ത്തെന്തിനാണമ്മ കരയുന്നതിപ്പോഴും?
ചാരത്തു ചെന്നു ഞാൻ
ചോദിച്ചിതമ്മയോ-
ടാരാണു കളഞ്ഞതെൻ കളി പമ്പരം
കെട്ടിപിടിച്ചമ്മ പൊട്ടിക്കരഞ്ഞുപോയ്
കുട്ടനെയിട്ടേച്ചു പോയതെന്തിങ്ങനെ.?

-വയലാർ രാമവർമ്മ

തയാറാക്കിയത് , ആഷ്ന
9B

# കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി–
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാളെ മാനുഷാകാരം പൂണ്ടി–
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി
തോളുകൾ കുനിഞ്ഞിട്ടുസ്വജീവിത –
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി,
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും  നെടുനാള–
ക്കാലത്തിൻ  കരളമാം പാതകൾ താണ്ടിതാണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിര്ജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടാവന്നും  കരൾക്കാമ്പിൽ
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ –
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെങ്ങറിയാതെ മൃത്യുവിൻ ഭയാനക –
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോരുലക്കടഭാരം തിങ്ങു –
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ !
ഗ്രാമവീഥിയിൽ,നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റിടുമ്പോൾ,
ഉച്ചയ്ക്ക് വഴിവക്കിൽപ്പേരാലിൻ  ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ  ശയിക്കുമ്പോൾ,
ചാഞ്ഞിടും കരിക്കൊള്ളിവള്ളിയിലൂഞ്ഞാലാടി –
ക്കാഞ്ഞിരമരത്തോപ്പിൽ  തത്തകൾ ചിലയ്ക്കുമ്പോൾ,
 അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ
ദുർമന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ,
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ –
യലറും തെണ്ടിപ്പട്ടിയോളിയാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു  ചാരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും ;വണ്ടി –
ത്തണ്ടിന്റെ  ദയാർഹമാം ഞരക്കം മാത്രം കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്;ത്തെളിക്കുന്ന
കാള’യും  ചലിക്കുന്നിതാവിധമൊന്നും തന്നെ !
ഒട്ടേറെയപൂർവമായ്ക്ക്കേട്ടിടാം, വണ്ടിക്കാരൻ –
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവം:

നാടകമേ...യുലകം;നാളെ, നടപ്പതേ –
യാരറിവാർ –ഒരു നാടകമേ.....യുലകം!"
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടു ഞാനെൻ
കരളു നടുങ്ങാവെയിമ്മട്ടാമൊരു  രംഗം;
നാലുപേർ–അല്ലാ–നാലുകാളകൾ–പഴഞ്ഞുണി
മൂടിയ മരക്കട്ടിൽ  പേറി മുന്നേറിടുന്നു!
കട്ടിലിൽ –തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
വറ്റിയ 'വണ്ടിക്കാള ' –പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ  ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീല.
തോളത്തു ഖനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.
കാളകൾ –പി  ഭാസ്ക്കരൻ

# വേദം

യൂസഫലി കേച്ചേരി

ഉണ്ണാൻ തുടങ്ങിയാൽ വിണ്ണന്നൊരുണ്ണിയാ–
യെണ്ണമാറുണ്ടന്നെൻ വീട്ടിലെന്നെ,
എങ്കിലും തീൻമേശ വിട്ടു പരിഭവി–
ച്ചെങ്ങോട്ടെന്നില്ലാതെ ഞാൻ നടന്നു.
പൊട്ടലും ചീറ്റലുമായി ഞാൻ വീടിന്റെ
പിൻപുറത്തേയ്ക്കൊന്നു പാളിനോക്കി.
അപ്പോൾ ഞാൻ കണ്ടു വടക്കിനിമുറ്റത്തൊ–
രാൾക്കൂട്ടം, പാവങ്ങളെന്നയൽക്കാർ
കൂടിയിരിക്കയാണുമ്മയവർക്കൊക്കെ–
ച്ചൂടുള്ള കഞ്ഞി പകർന്നിടുന്നു.
ഓടിക്കളിക്കുന്നുണ്ടാ 'പഷ്ണിക്കഞ്ഞിയി–
ലോരോ നെടിയരിവറ്റമാത്രം.
അന്നൊക്കെയെൻ നാട്ടിൽ ഭൂരിജനങ്ങൾക്കും
അന്നമൊരു സ്വപ്നമായിരുന്നു.
ആംഗലവാഴ്ചയും യുദ്ധക്കെടുതിയും
ആകെയെൻ ഗ്രാമം തകർത്തിരുന്നു.
തന്തമാർ, തള്ളമാർ കുട്ടികളന്യോന്യം
തള്ളിമാറ്റുന്നു,കലമ്പിടുന്നു.
ഒട്ടുചിലർ കഞ്ഞി മോന്തിപ്പിരിയുന്നു
മറ്റും പലർ വന്നുചേർന്നിടുന്നു.
അൻപാർന്നു കഞ്ഞി വിളമ്പുവാൻ മുറ്റത്തു
കുമ്പിട്ടു നിൽപ്പത്തിന്നുള്ളിൽ, ദൂരേ
എന്നെക്കണ്ടുമ്മയരികിലെത്തിച്ചോല്ലി.
"നന്നേ തിരക്കായിരുന്നു മോനേ.
പറ്റീല മീൻകറിയുണ്ടാക്കാൻ; ഇക്കണ്ട
പട്ടിണിക്കാർക്കൊക്കെ കഞ്ഞി വേണ്ടേ?
വിണ്ണുവാൻ നിൽക്കാതെ ചമ്മന്തിച്ചോറുണ്ടെ–
ന്നുണ്ണിപോ, നേരമായ് ബെല്ലടിക്കാൻ
നാലുമണി വിട്ടു നീ വരുമ്പോഴേക്കും
അയിലച്ചാറുണ്ടാക്കിവെച്ചിടാം ഞാൻ"ഇത്രയും
ചൊല്ലിപ്പിരിഞ്ഞുപോയുമ്മ, എ–
ന്നുൾത്തട്ടിൻ കാപട്യം വെന്തെരിഞ്ഞു.
ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നൊ–
രെന്നുമ്മതൻ യജ്ഞം കണ്ടുനിൽക്കേ
നീറുമെന്നുള്ളം കുറുകീ; പഴയരി–
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം;

പഞ്ഞക്കെട്ടുതിയിൽ നീറുവോർ വറ്റില്ലാ–
ക്കഞ്ഞിക്കിരന്നു വലഞ്ഞീടുമ്പോൾ!
പിന്നെ ഞാൻ വൈകിയി ,ല്ലെന്നുടെ ചോറുമാ–
യുമ്മതൻ പിന്നിൽ പതുങ്ങിയെത്തി
ഉള്ളലഞ്ഞോതിനേൻ :"എൻ ചോറുമാ കഞ്ഞി–
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ."
പൊട്ടിക്കരഞ്ഞുമ്മ മാറോടു ചേർത്തെന്നെ–
ക്കെട്ടിപ്പിടിച്ചു വിതുമ്പി മെല്ലെ:
"ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ, മാ–
വേദം വിശപ്പെന്നറിഞ്ഞുകൊണ്ടാൽ
പൈക്കുന്ന പള്ളയ്ക്കിരതേടി വാടുന്ന
പാവത്തിൽ കാണാം പടച്ചവനെ."
–യൂസഫലി കേച്ചേരി

# കുഞ്ഞാട്

കിങ്ങിണി കെട്ടിയ കുഞ്ഞാട്
പൊങ്ങിച്ചാട്ടും കുഞ്ഞാട്
കൊമ്പുമുളച്ചിലെന്നാലും
വമ്പു നടിക്കും കുഞ്ഞാട്
കുട്ടിക്കളികൾ കാട്ടിടും
മൊട്ടത്തലയൻ കുഞ്ഞാട്
മുട്ടിലിടിക്കാൻ എത്തുന്നേ
കുട്ടികെളല്ലാം ഓടിക്കോ

-അസുരമംഗലംവിജയകുമാർ

Soja S , 9B



## പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?
നിങ്ങളെൻ
ലോകത്തെയെന്തു ചെയ്തു

(സുഗതകുമാരി)

(തയ്യാറാക്കിയത് : അതുല്യ . എസ്)

## ഒരു കുടന്ന വെളിച്ചമായ്...

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്കു് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി: ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാശകലത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങാം? അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു: എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും

പുരോഗാമി

(ഖലീൽ ജിബ്രാൻ)

(തയ്യാറാക്കിയത് : അതുല്യ. എസ്)


കുഞ്ഞുണ്ണി കവിത
വലിയൊരു ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്ര
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക
കുഞ്ഞുണ്ണിമാഷ്
ആലിയ.എസ്

## മഹത്വചനങ്ങൾ

ദൃഢ നിശ്ചയം ചെയ്തവർക്ക്  എന്തിനെയും തരണം ചെയ്യാൻ കഴിയും.

–നെൽസൺ മണ്ടേല

നമ്മുടെ ജീവിതമെന്നത് നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്.

–ബുദ്ധൻ

വിജയം ആസ്വദിക്കണമെഗ്കിൽ പ്റയാസം ആവിശ്യമാണ്.

–എ.പി.ജെ.അബ്ദുൽകലാം

നിങ്ങൾക്ക് വേണ്ടാത്തത് നിങ്ങൾ ആർക്കെഗ്കിലും കൊട്ടുക്കുകയാണെഗ്കിൽ അത് ദാനമേയല്ല

–മദർ തേരേസ

തയാറാക്കിയത്:സാധിക സുനിൽ

9B

# മലയാളം പഴഞ്ചൊല്ലുകൾ

1. അക്കരെ നിന്നാൽ ഇക്കരെ പച്ച.
2. ആന കൊടുത്താലും ആശ കൊടുക്കാമോ?.
3. ആനക്കുണ്ടോ ആനയുടെ വലിപ്പമറിയു.
4. അടി കൊള്ളാൻ ചെണ്ടയും, പണം വാങ്ങാൻ മാരാരും.
5. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

തയാറാക്കിയത്:സോജ.എസ്
9B

# കോഴിയും ഭ്രൂമിയും

ഏറെപ്പറക്കാൻ  കഴിവില്ലയെങ്കിലും
ഞാനും  ഒരു പക്ഷി തന്നെ.
മാവിന്റെ കൊമ്പിലിരുന്നാലും  ആകാശം
കാണുവാനാകും  ,പരുന്ത!
നീലയിൽ നിന്റെ തവിട്ടുനിറം കാൺകെ
ഞാനെന്റെ  മക്കളെക്കാക്കും
സ്നേഹമാണെൻ ചിറ,കെൻ  നെഞ്ചിൻ
ചൂടിലേ
ഞാൻ  വിരിയിച്ചതവരെ.
ഭ്രൂമിയും  മുട്ട പോലെന്നു കെൾക്കു,
ന്നതിൽ
ആരാണടയിരിക്കുന്നു?
ചൂടു  നമുക്കു  പകരുന്ന  സൂര്യനോ,
രാവിന്നിരുണ്ട  കിളിയോ?
ആരാമതിൽ  നിന്നു പിന്നെ  വിരിയുന്നു,
താരങ്ങളോ,പൂനിലാവോ?

തയ്യാറാക്കിയത് :ദേവിക  രാജേഷ്



# നന്ദി.......

ഈ ഡിജിറ്റൽ മാഗസിൻ തയാറാക്കാൻ പിന്തുണ നൽകിയ ഹെഡ്മിസ്ട്രസ് ശ്രീമതി മിനി ജോർജ്ജ് ടീച്ചറിനും കൈറ്റ് മിസ്ട്രസ് ശ്രീമതി ബിന്ദു ടീച്ചറിനും കൈറ്റ് മാസ്റ്റർ ശ്രീ സുജ്ഞ സാറിനും എല്ലാ അധ്യാപകർക്കും അക്ഷീണം ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും നന്ദി..............

